വേഗത വർദ്ധിപ്പിക്കാൻ ബോർഡിന് ഗവണ്മെന്റ് നിർദ്ദേശം നൽകുന്നതാണ്. കളക്ടറേറ്റും പ്രധാനപ്പെട്ട ജില്ലാ ആസ്ഥാനവും എന്നുള്ള നിലയിൽ അയ്യന്തോൾ പ്രദേശത്തെ ലോഡ്ഷെഡ്ഡിംഗിൽനിന്നും ഒഴിവാക്കുന്നതാണ്.

(11) മെഴുകുതിരി നിർമ്മാതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മെഴുക് ലഭിക്കാത്തതുമൂലം കേരളത്തിലെ മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾക്കുണ്ടായ ബുദ്ധിമുട്ട് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. കേരളത്തിലെ 1200-ഓളം മെഴുകുതിരി യൂണിറ്റുകൾക്ക് സിഡ്കോ വഴിയാണ് മെഴുക് ലഭിച്ചിരുന്നത്. ഇതിന്റെ കൺട്രോൾ കേന്ദ്ര ഗവണ്മെന്റ് എടുത്തതിനുശേഷം മദ്രാസ് റിഫൈനറീസിൽനിന്ന് സിഡ്കോയ്ക്ക് ഇപ്പോൾ മെഴുക് ലഭിക്കുന്നില്ല. തമിഴ്നാട്ടിലെ വ്യവസായികൾ മുഴുവൻ അവിടെ നിന്ന് മെഴുക് വാങ്ങി അവർ ഉണ്ടാക്കുന്ന മെഴുകുതിരിയാണ് ഇവിടെ ലഭ്യമാകുന്നത്. ഒരു ലോഡ് മെഴുക് ആറ് ടണ്ണോളം വരും. ടാക്സ് ഇനത്തിൽ 11,000 രൂപയാണ് നമുക്ക് കിട്ടിക്കൊണ്ടിരുന്നത്. ഇപ്പോൾ അതും നഷ്ടമായിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് മദ്രാസ് റിഫൈനറീസിൽനിന്നും സിഡ്കോ വഴി, നമുക്ക് പണ്ട് ഒരു മാസം 360 ടൺ എങ്കിലും ലഭിച്ചിരുന്നു അത്രയും മെഴുക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. 1200 യൂണിറ്റുകളിലായി ഏകദേശം ഒരു ലക്ഷം പേർക്കാണ് ജോലി നഷ്ടപ്പെടാൻ പോകുന്നത്. അതുകൊണ്ട് ഗവണ്മെന്റും, ബഹുമാനപ്പെട്ട മന്ത്രിയും ഇത് പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇന്ത്യയിൽ പ്രധാനമായും ഐ.ഒ.സി.യുടെ മദ്രാസ് റിഫൈനറി, ആസാമിലെ ഡിഗ്ബോയ് റിഫൈനറി എന്നിവിടങ്ങളിൽ നിന്നുമാണ് ക്രൂഡ് ഓയിലിന്റെ ബൈ പ്രോഡക്ടായ വാക്സ് ലഭിക്കുന്നത്. തെക്കേ ഇന്ത്യയിൽ വാക്സ് പ്രധാനമായും വിതരണം ചെയ്യുന്നത് മദ്രാസ് റിഫൈനറിയാണ്. എന്നാൽ ജൂൺ 21-ാം തീയതി മദ്രാസ് റിഫൈനറിയിൽനിന്നും അവരുടെ പ്ലാന്റ് തകരാറായതിനാൽ പാരഫിൻ വാക്സിൽ ഉൽപ്പാദനം നിർത്തിവച്ചിരിക്കുന്നു എന്ന് അറിയിക്കുകയുണ്ടായി. ഈ അറിയിപ്പ് കിട്ടിയ ഉടനെ തന്നെ കേരളാ സിഡ്കോ വളരെ പെട്ടെന്ന് തമിഴ്നാട് സിഡ്കോയുമായി ബന്ധപ്പെടുകയും, അവരുടെ സ്റ്റോക്കിൽനിന്നും 250 മെട്രിക് ടൺ വാക്സ് കേരളാ സിഡ്കോയ്ക്ക് കൈമാറുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. അതിൽ ആദ്യത്തെ കൺസൈൻമെന്റായ നാല് ലോഡ് , 40 ടൺ വാക്സ് ഈ ആഴ്ചതന്നെ കൊച്ചിയിൽ എത്തുന്നതാണ്. ബാക്കിയുള്ളതും എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇതുമൂലം മെഴുകുതിരി നിർമ്മാതാക്കൾ അനുഭവിക്കുന്ന പ്രയാസങ്ങൾ താൽക്കാലികമായി ഒഴിവാക്കാൻ കഴിയും. ഫ്യൂച്ചറിൽ എന്തുവേണം, മദ്രാസ് റിഫൈനറി പ്രവർത്തനം ആരംഭിക്കാൻ എത്ര സമയം പിടിക്കും, ഇതെല്ലാം നോക്കിയിട്ട് ആവശ്യമാണെങ്കിൽ ആസാമിൽനിന്നും ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യും.

(12) 'ദായി' വിഭാഗത്തിന്റെ അവശതകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ പരമ്പരാഗതമായി പ്രസവശുശ്രൂഷയുമായി ബന്ധപ്പെട്ട് സേവനം നടത്തിവരുന്നത് പട്ടികജാതി-പട്ടികവിഭാഗത്തിൽപ്പെട്ട വനിതകളാണ്. ഇവരെ 'ദായിമാർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവരുടെ പാരമ്പര്യമായ തൊഴിൽ പരിഗണിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലുണ്ടാകുന്ന ചില പ്രത്യേക തസ്തികകളിലേയ്ക്ക് ഇതിനുമുൻപ് ഗവണ്മെന്റ് നിയമനം നടത്തിയിട്ടുണ്ട്. 1984-ൽ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർക്കുള്ള ഒഴിവുകൾ നികത്തുന്നതിൽ ഒരു നിശ്ചിത ശതമാനം ഇവർക്കുവേണ്ടി നീക്കിവയ്ക്കുകയുണ്ടായി. ഇപ്പോഴും ഈ മേഖലയിൽ പണിയെടുക്കുന്ന വളരെയധികം സ്ത്രീകൾ നമ്മുടെ വടക്കൻ ജില്ലകളിലുണ്ട്. പ്രത്യേകിച്ചും മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ. അവരുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഇവരെ ഒരു പ്രത്യേക വിഭാഗമായി കണ്ട് അവർക്ക് വാർദ്ധക്യകാലപെൻഷനും, കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നതിനെ സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ഗവണ്മെന്റിന്റെ മുമ്പിൽ വന്നിട്ടുണ്ട്. 1984-ൽ പുറപ്പെടുവിച്ച ഗവണ്മെന്റ് ഉത്തരവ് അനുസരിച്ചുതന്നെ ഇതുപോലുള്ള പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെ നിയമനക്കാര്യത്തിലും ഇവർക്ക് പുനർനിയമനം നൽകുന്ന കാര്യത്തിലും ഗവണ്മെന്റ് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ പ്രസവസംബന്ധമായ ശുശ്രൂഷയ്ക്ക് സഹായിക്കുന്നതിന് ഇന്നത്തെ രീതിയിൽ പരിശീലനം ലഭിച്ചിട്ടുള്ള സ്റ്റാഫിന്റെയൊക്കെ അഭാവമുള്ള കാലത്ത് അവരെ സഹായിക്കുന്നതിനു വേണ്ടി ദായീസ് എന്ന പേരിലറിയപ്പെടുന്ന സ്ത്രീകൾ ജോലി ചെയ്തിരുന്നു. അവരെയും ഫാമിലി വെൽഫയർ പ്രൊമോട്ടർമാരെയും 1:1 എന്ന അനുപാതത്തിൽ കമ്മ്യൂണൽ റൊട്ടേഷൻ പരിഗണിച്ച് 1984-ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളിൽ ഡെയ്ലി വേജസിന് നിയമിക്കണമെന്ന് ഉത്തരവ് കൊടുക്കുകയുണ്ടായി. ഈ ഉത്തരവ് 1984-ൽ ഉള്ളതാണ്. ഇപ്പോൾ കൊല്ലം 24 ആയി. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുറെ ആളുകൾക്ക് നിയമനം കൊടുക്കുകയും ചെയ്തു. എന്നാൽ മലപ്പുറം ജില്ലയിലും മറ്റും ഇപ്പോഴും ദായിമാർ സേവനമനുഷ്ഠിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് കുറെ നിവേദനങ്ങൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ട്. 25.9.'84-ലെ സർക്കാർ ഉത്തരവനുസരിച്ച് നിയമനം നൽകാൻ അർഹതപ്പെട്ടവരായ ദായിമാർ ഇനിയും ഉണ്ടോയെന്ന് അന്വേഷിക്കാം. അവർക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാം. പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകണം എന്നത് പരിശോധിച്ച് പറയേണ്ട കാര്യമാണ്.

(13) സ്വയംതൊഴിൽ പദ്ധതിയിൽ വായ്പയ്ക്ക് അപേക്ഷ നൽകിയ ആലപ്പുഴ ജില്ലയിലെ സദാനന്ദൻ എന്ന ആളിന് വായ്പ നൽകാത്തത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തൊഴിലന്വേഷണം തന്നെ തൊഴിലാക്കേണ്ടിവന്ന ഒരു ഹതഭാഗ്യനായ ചെറുപ്പക്കാരന്റെ ദുഃഖകഥയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ആലപ്പുഴയിൽ ചേപ്പാട് സ്വദേശി എൻ.